നിക്ഷേപ സമാഹരണം

92(2130) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ വായ്പാ മേഖലയുടെ പ്രധാന വിഭവസ്രോതസ്സായ നിക്ഷേപ സമാഹരണത്തെ ഇപ്പോൾ പ്രതികൂലമായി ബാധിച്ചിരിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ആദായ നികുതി വകുപ്പിന്റെ അനാവശ്യ ഇടപെടലുകളും കെ.വൈ.സി. നോംസ് സഹകരണ മേഖലയ്ക്കും നിർബന്ധമാക്കിയതും നിക്ഷേപ സമാഹരണത്തെ ബാധിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(സി) സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപ സമാഹരണത്തിന്റെ നേട്ടം ലക്ഷ്യത്തിന്റെ ശതമാനക്കണക്കിൽ ഓരോ വർഷം കഴിയുമ്പോഴും കുറഞ്ഞു വരികയാണോ; 2010-11-ലെ നേട്ടം ലക്ഷ്യത്തിന്റെ എത്ര ശതമാനമായിരുന്നു; 2015-16-ലെ നേട്ടം ലക്ഷ്യത്തിന്റെ എത്ര ശതമാനമാണ്;

(ഡി) അംഗ സംഘങ്ങൾ സമാഹരിക്കുന്ന നിക്ഷേപം കേന്ദ്ര സംഘങ്ങളിൽ നിക്ഷേപിക്കുമ്പോൾ അവ കൂടി ഓരോ തലങ്ങളിലേയും നിക്ഷേപമായി കണക്കാക്കി പെരുപ്പിച്ച് കാണിക്കുന്ന പ്രവണതയുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) റബ്ബറിന്റെ വിലയിടിവും, സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ആദായനികുതി ബാധകമാക്കിയെന്ന സഹകാരികളുടെ ആശങ്കയും സംസ്ഥാനത്തെ സഹകരണ നിക്ഷേപ സമാഹരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ 5 ലക്ഷം രൂപയ്ക്ക് മുകളിൽ തുക നിക്ഷേപിച്ചിട്ടുള്ളവരും, 10,000 രൂപയിൽ കൂടുതൽ പലിശ വാങ്ങിയിട്ടുള്ളവരുമായ നിക്ഷേപകരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ആദായ നികുതി വകുപ്പ് നടപടി സ്വീകരിച്ചതും, സഹകരണ ബാങ്കുകൾ ആദായനികുതി നിയമപ്രകാരം നിക്ഷേപകരിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കണമെന്ന ആദായനികുതി നിയമത്തിലെ ഭേദഗതിയും നിക്ഷേപ സമാഹരണത്തെ ദോഷകരമായി ബാധിക്കുന്നതായി ആക്ഷേപമുണ്ട്. സഹകരണ സംഘങ്ങൾ/ ബാങ്കുകൾ കെ.വൈ.സി. നോംസ് പാലിക്കണമെന്ന നിർദ്ദേശം നിക്ഷേപ സമാഹരണത്തെ സാരമായി ബാധിക്കുന്നതായി വിലയിരുത്തപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2010 മുതൽ നടന്ന നിക്ഷേപ സമാഹരണങ്ങളുടെ ലക്ഷ്യം, നേട്ടം, ശതമാനം ഇവ ചുവടെ പരാമർശിക്കുന്നു:

നിക്ഷേപ സമാഹരണം	ലക്ഷ്യം (തുക കോടിയിൽ)	നേട്ടം	ശതമാനം
2010 മാർച്ച്	1250	4135.62	330%
2011 മാർച്ച്	2500	3127.13	125%
2011 നവംബർ	3000	4425.09	147.50 %
2012 ഡിസംബർ	4500	5194.36	115.43%
2013 ഡിസംബർ	5000	6674	133.48%
2014 ഡിസംബർ	6000	6232.22	103.87%
(2016 ജനുവരി 1 മുതൽ ഫെബ്രുവരി 15 വരെ സംഘടിപ്പിച്ചു വരുന്നു.)	6000	-	-

2010 മാർച്ചിൽ 1250 കോടി രൂപ ലക്ഷ്യം നിശ്ചയിച്ചിരുന്നത് 2011 മാർച്ചിൽ 2500 കോടിയായും 2011 നവംബറിൽ 3000 കോടിയായും 2012 ഡിസംബറിൽ 4500 കോടി രൂപയായും 2013 ഡിസംബറിൽ 5000 കോടി രൂപയായും 2014 ഡിസംബറിൽ 6000 കോടി രൂപയായും ഉയർത്തുകയുണ്ടായി. ഈ സാഹചര്യത്തിലാണ് നേട്ടത്തിന്റെ ശതമാനം കണക്കിൽ കുറഞ്ഞുവരുന്നത്.

(ഡി) അംഗ സംഘങ്ങളുടെ മിച്ച ഫണ്ട്, റിസർവ് ഫണ്ട്, തരളധനം എന്നിവ അതാതു കേന്ദ്ര സംഘങ്ങളിലാണ് നിക്ഷേപിച്ചുവരുന്നത്. കേന്ദ്ര സംഘങ്ങളുടെ ബാക്കി പത്രത്തിൽ ഇവ അവയുടെ നിക്ഷേപ ബാക്കിനിൽപ്പായാണ് കണക്കിൽപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല പ്രസ്തുത നിക്ഷേപം കേന്ദ്ര സംഘങ്ങളുടെ പ്രവർത്തന മൂലധനമായി കണക്കാക്കിവരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത നിക്ഷേപം ഓരോ തലങ്ങളിലെയും നിക്ഷേപകമായി കണക്കാക്കിയാണ് വരുന്നത്. സംഘങ്ങളുടെ കണക്കെഴുത്ത് രീതിയും ഇപ്രകാരമായതിനാൽ നിക്ഷേപം പെരുപ്പിച്ച് കാണിക്കുന്നുവെന്ന് പറയാനാവില്ല.

LIBRARY ARCHIVES Kerala Legislative Assembly